(സി) 531.84 കോടി രൂപ 15-ാം സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽവരെ അംഗീകരിച്ച 527 കോടി രൂപയും ഒറ്റതവണ ചികിത്സയ്ക്കായി അനുവദിച്ച 4.57 കോടി രൂപയും അടക്കം.

(ഡി) വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

കാരുണ്യ ബെനവലന്റ് ഫണ്ട്

247(587) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഏതെല്ലാം അസുഖങ്ങൾക്കു വേണ്ടിയാണ് ചികിത്സാ ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും ഇതേവരെ അനുവദിച്ച ചികിത്സാ സഹായത്തിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) മേജർ ശസ്ത്രക്രീയകൾക്കും ക്യാൻസർ രോഗ ചികിത്സകൾക്കും അല്ലാതെ മറ്റേതെങ്കിലും രോഗങ്ങൾക്ക് ഈ പദ്ധതിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) അത്തരത്തിലുള്ള ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ക്യാൻസർ ഹൃദ്രോഗം വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പടെയുള്ള ചികത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകി വരുന്നത്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പടെയുള്ള ചികിത്സ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്കും ധനസഹായം നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഹീമോഫീലിയ രോഗികൾക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം ഫാക്ടർ മരുന്നുകൾ നൽകി വരുന്നു. ഓരോ ഹീമോഫീലിയ രോഗിക്കും പരമാവധി ചികിത്സാ ധനസഹായമായി 2 ലക്ഷം രൂപ അനുവദിച്ചു വരുന്നു. തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ 1 ലക്ഷം രൂപ കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ഇതുകൂടാതെ വൃക്ക, രോഗികൾക്ക് ഡയാലിസിസിനായി ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(ഡി) ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസ് മുഖാന്തരമാണ്. ഹീമോഫീലിയ രോഗത്തിന്റെ ചികിത്സയുള്ള അപേക്ഷകൾ ജില്ലാതലത്തിലും, ഹെഡ് ഓഫീസ് തലത്തിലും ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ടത് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഹെഡ് ഓഫീസിലാണ്. ഡയാലിസിസിലുള്ള അപേക്ഷകൾ ജില്ലാതലത്തിലും ഹെഡ് ഓഫീസ് തലത്തിലും ലഭ്യമാണ്.

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

248(588) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് ലഭ്യമാകുമോ ;

(ബി) എങ്കിൽ അസുഖത്തിന്റേയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിലെ ചികിത്സയ്ക്ക് മുൻകൂർ അനുമതി നല്കുമോ ;

(സി) വിദഗ്ദ്ധ ചികിത്സയ്ക്ക് ആവശ്യമായ സംവിധാനമോ, സൗകര്യമോ, ആശുപത്രികളോ ഇല്ലാത്ത കാസർഗോഡ് ജില്ലയിലെ രോഗികൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ മംഗലാപുരത്ത് ചികിത്സാ സൗകര്യം അനുവദിക്കണമെന്ന ആവശ്യം നിയമസഭയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമസഭയ്ക്ക് അകത്തോ പുറത്തോ ഉറപ്പുകൾ നൽകപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly.